# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

website: www.forest.kerala.gov.in, Email: fibnews@gmail.com,Ph. 0471-2529145, 9447979200


## പത്രക്കുറിപ്പ്

തീയതി.14.08.2025

**മുഖ്യമന്ത്രിയുടെ 2025 –ലെ ഫോറസ്റ്റ് മെഡലിന് 26 പേർ അർഹരായി**

മാതൃകാ സേവനം കാഴ്ചവയ്ച്ച വന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് എല്ലാ വർഷവും നൽകി വരുന്ന വിശിഷ്ട സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡലിന് ഇക്കൊല്ലം 26 പേർ അർഹരായി.

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സുബൈർ എൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആനന്ദൻ കെ.വി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ മുഹമ്മദ് റൗഷാദ് കെ. ജെ, പ്രവീൺ പി. യു, സാബു ജെ. ബി, ആനന്ദൻ പി. വി, ജിജിൽ കെ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ സജീഷ് കുമാർ ജി, അഭിലാഷ് പി. ആർ, അഹല്യാ രാജ്, ജസ്റ്റിൻ ജോൺ, അജു റ്റി. ദിലീപ് കുമാർ എം. നജീവ് പി. എം, രാജീവ് കെ. ആർ, ഗ്രീഷ്മ എം, ബിജു പി, സുരേഷ് ബാബു സി, പ്രദീപ് കുമാർ എൻ.പി, സിറിൾ സെബാസ്റ്റ്യൻ, സിനി ടി. എം, സന്ദീപ് കെ.ഒ, ഫോറസ്റ്റ് ഡ്രൈവറായ ജിതേഷ് പി, ഫോറസ്റ്റ് വാച്ചർമാരായ ഷാജി കെ. ബി, ഒ.കെ. രാജേന്ദ്രൻ, കാളിദാസ് എസ്. എന്നിവരാണ് 2025-ലെ ഫോറസ്റ്റ് മെഡലിന് അർഹരായത്.

വനം - വന്യജീവി സംരക്ഷണത്തിലും, വനം കയ്യേറ്റം തടയുന്നതിലും ഒഴിപ്പിക്കുന്നതിലും, വനം കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിലും, കാട്ടുതീ തടയുന്നതിലും നിയന്ത്രിക്കുന്നതിലും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിലും തടയുന്നതിലും, പങ്കാളിത്ത വനപരിപാലനത്തിലും, വനാശ്രിതരായ പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള പ്രവർത്തനങ്ങളിലുമടക്കം വിവിധ മേഖലകളിൽ നിർവഹിച്ച സ്തുത്യർഹമായ സേവനം പരിഗണിച്ചാണ് കേരള മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ ഓരോ വർഷവും സമ്മാനിക്കുന്നത്.


പി ആർ സാബു

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

9847020388